പൊതു ക്ഷേത്രങ്ങൾക്ക് 16,00,000 (പതിനാറു ലക്ഷം രൂപ) രൂപയും സ്വകാര്യ ക്ഷേത്രങ്ങൾക്ക് 2,55,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗക്കാർ നടത്തുന്ന സ്വകാര്യ ക്ഷേത്രങ്ങൾക്ക് 25,000 രൂപയും ഗ്രാന്റായി നൽകിയിട്ടുണ്ട്. വടകര താലൂക്കിലെ ശമ്പളക്കുടിശ്ശിക ലഭിച്ച ക്ഷേത്രങ്ങളുടേയും ജീർണ്ണോദ്ധാരണ ഗ്രാന്റ് ലഭിച്ച ക്ഷേത്രങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) നിലവിൽ ഇത്തരം കേസുകളിൽ ആശ്രിത നിയമനത്തിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്.

മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

251 (2009) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും ആയത് എപ്പോൾ മുതൽ നടപ്പിലാക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

ഉത്തര മലബാറിലെ ആചാരസ്ഥാനികർക്ക് ധനസഹായം നൽകുന്നതിനായി ''ഉത്തരമലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായപദ്ധതി 2010'' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ആചാരസ്ഥാനികർക്ക് (അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ചൻ) പ്രതിമാസം 600 രൂപയും കോലധാരികൾക്ക് പ്രതിമാസം 700 രൂപയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. 2011 ജനുവരി മാസത്തിൽ ഈ തുക നൽകി തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കൂട്ടനാട് ചങ്ങങ്കരി ദേവസ്വം ബോർഡ് സ്കൂളിന്റെ ശോച്യാവസ്ഥ

252 (2010) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ചങ്ങങ്കരി ദേവസ്വം ബോർഡ് സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ :

(ബി) മേല്പറഞ്ഞ സ്കൂളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂൾ കെട്ടിടത്തിന്റെ ഓട് പൊളിച്ചുമാറ്റി റിപ്പെയർ ചെയ്തു. ലാബ് റും, ടോയ്ലറ്റ് സ്റ്റാഫ് റും എന്നിവ ടൈൽസ് ഒട്ടിച്ച് വൃത്തിയാക്കി സ്കൂളിൽ ആവശ്യമായ പ്ലംബിംഗിന്റെ റിപ്പെയർ പണികൾ ചെയ്തു തീർത്തു.

(ബി) ഒഴിവുകളൊന്നും ഇല്ല.

(സി) ബാധകമല്ല.

തൃശ്ശൂർ പെരുവനം ക്ഷേത്രത്തിലെ ഉച്ചപൂജയുടെ ചുമതല

253 (2011) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ പെരുവനം ക്ഷേത്രത്തിലെ ഉച്ചപൂജയുടെ ചുമതല ഏത് ദേവസ്വത്തിനാണ് എന്നറിയിക്കുമോ ;

(ബി) ഉച്ചപൂജ ചെയ്യുന്ന പൂജാരി/തന്ത്രിക്ക് പ്രതിമാസം നൽകിവരുന്ന വേതനം എത്രയാണ് ; എന്നു മുതലാണ് ഈ വേതനം നൽകിവരുന്നത് ;

(സി) നിലവിലെ നാമമാത്രമായ വേതനം വർദ്ധിപ്പിക്കണമെന്ന് പൂജാരി/തന്ത്രി അപേക്ഷ നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ ;

(ഡി) അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച് പൂജാരി/തന്ത്രിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത അപേക്ഷ പരിഗണിച്ച് വേതനം വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ് ചുമതല.

(ബി) തന്ത്രി വേതനം 352-80 (പടിത്തര പ്രകാരം) മേൽശാന്തി വേതനം-323-40 (പടിത്തര പ്രകാരം) കീഴ്ശാന്തി -588 (പടിത്തര പ്രകാരം)

(സി) ഉണ്ട് 25-8-2007-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി&ഇ) അപേക്ഷയിന്മേൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുകയും മറുപടി നൽകുകയും ചെയ്യുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(എഫ്) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ദേവസ്വം ബോർഡ് പരിശോധിച്ച ശേഷം നടപടി കൈക്കൊള്ളുമെന്ന് ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly